compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 ജനുവരി 28

**Tuesday, 28th January 2025**

1200 മകരം 15

**15th Makaram 1200**

1946 മാഘം 8

**8th Magha 1946**

വാല്യം 14

**Vol. XIV**

നമ്പർ
**No.** } 4

## Part III

## Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**OFFICE OF THE CUSTODIAN (ECOLOGICALLY FRAGILE LANDS)**
**THIRUVANANTHAPURAM**

**EFL.1-98/2025** **Dated: 22.01.2025**

## DE –NOTIFICATION

It is hereby notified for the information of the public that the land detailed in the schedule below which formed part of the originally notified Ecologically Fragile Land under Section 3 (1) of the Kerala Forests (Vesting and Management of Ecologically Fragile Lands) Act 2003 vide Notification No. EFL(12)-35/2006 dated 31.08.2006 Serial No.4 published in Kerala Gazette No. 39 Volume-51 dated 03.10.2006 is hereby de-notified from the purview of Ecologically Fragile Lands as per the Government letter No. E2/86/2023-FWLD dated 05.11.2024.

## SCHEDULE

**Details of lands de-notified from the purview of Ecologically Fragile Lands**

| *Sl. No.* | *District* | *Taluk* | *Forest Division* | *Range* | *Locality* | *Village* | *Survey. No. with sub division* | *Extent in Hectare* | *Boundaries* | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | *North* | *East* | *South* | *West* |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 4 | Idukki | Devikulam | Marayoor | Marayoor | Kozhipanna | Marayoor | 75/1-4 | 0.3237 | Sebastian Land | Road | Varghese Land | Forest Land |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# Explanatory Note

**(This does not form part of the notification, but is intended to serve its general purport)**

An Extent of 2.850 Ha. of land in Sy No. 75/1-1, 75/1-2, 75/1-3, 75/1-4, 75/1-6 and 75/2 of Marayoor Village of Kozhipanna Locality, Devikulam Taluk, Idukki District was originally notified as Ecologically Fragile Land under section 3 (1) of the Kerala Forests (Vesting & Management of Ecologically Fragile Lands) Act 2003 vide Notification No. EFL(12)-35/2006 dated 31.08.2006 Serial No.4 published in Kerala Gazette No. 39 Volume-51 dated 03.10.2006.

On the scrutiny of the above said land under Section 10 (A) by the Ecologically Fragile Land Claim Dispute Redressal Committee constituted under section 10 (B) of the above said Act, it is found that the area of 80 cent (0.3237 Ha) of land in Survey No. 75/1-4 of Marayoor Village does not qualify the definition of Ecologically Fragile Land. As per the Government letter No. E2/86/2023-FWLD dated 05.11.2024 the schedule land is declared as not an Ecologically Fragile Land. Hence the schedule land is to be de-notified from the purview of Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003. Hence an extent of 0.3237 Ha in Survey No. 75/1-4 of Marayoor Village is de-notified from the purview of Ecologically Fragile Lands. The De-notification is intended to achieve the above purpose.

(Sd/-)
Custodian (Ecologically Fragile Lands)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ACHENCOVIL DIVISION

**No. A1-51/2025** **21 January 2025**

**e- Auction Notification**

It is hereby notified that Teak timber IV & Teak Poles collected through thinning & final felling from 1987 TP Kodamala & 1957 TP Muthalathode in Achencovil Range will be sold through e-Auction as shown in the schedule, by M/S MSTC Ltd, Bangalore, subject to the conditions published by the M/S MSTC Ltd and in the Kerala Gazette No.49 Vol.IV dated. 15.12.2015 vide Notification No.Pro.(4)26243/13 dated: 21.11.2015 of the Additional Principal Chief Conservator of Forests (P) Thiruvananthapuram and other conditions prevalent in the Forest Department. Besides the quantity shown in the schedule, the quantity if any delivered to dumping depots before the date of e-Auction and that could be lotted immediately before the e-auction will also be placed in the proposed e-auction. Those who wish to participate in the e-auction have to remit EMD as shown in the schedule as e-payment before the e-auction through MSTC limited. Registration number of the bidder should be entered while remitting the EMD amount. Bidders those who are registered and have remitted the EMD before the e-auction will be permitted to take part in the e-auction. Successful bidders will have to remit 35% of the bid amount within 7 (seven) days after obtaining the confirmation of e-auction sale from MSTC. If any successful bidder fails to remit the 35% amount within the stipulated time, the EMD will be forfeited to Govt. and which is non-refundable under any circumstances. If any of the Banks demand a commission for converting the Demand Draft to cash, the bidder will have to suffer the commission charges. Successful bidders will also have to remit the balance value, Forest Development Tax, GST, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

e-Auction documents and connected records are available in the website: www.mstcecommerce.com. The Earnest Money Deposit should be submitted on e-payment / e-treasury / demand draft / MSTC through the internet online banking of SBT or through NEFT for other banks. **For submission of e-auction visit the website**: www.mstcecommerce.com. The e-auction documents submitted manually /through post will not be entertained.

Online e-Auction/bids are to be accompanied with relevant documents. Any further clarification on this e-Auction can be obtained from NIC/ the e-Auction Helpdesk number available in the website www.mstcecommerce.com. and from the office of the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Divisional Forest Officer, Achencovil during the office hours. The details regarding e-Payment (Bidder's Bank Account No. where he/she is having core banking facility and email id) should be submitted along with the e-Auction documents. E-Auction documents with out these details will not be accepted. The Forest Department will not be responsible for any inconvenience or loss to the Bidder while uploading / downloading the documents.

The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned village officer, or any other approved identity documents along with the EMD through online. Those who do not produce any approved identity card or certificate will not be eligible to participate in the e-auction.

Intending persons may ensure the quantity and quality of materials put up for e-auction before the commencement of the same and no complaints will be entertained after the e-auction. In case any Govt. Department requires any of the materials put up for the e-auction, the quantity remaining after their selection only will be re-auctioned. The quantity that may become ready for sale after the publication of this notification will also be included in the e- auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this e- auction. The unsold materials in the e-auction will be re-auctioned.

Further details and information can be had from this office or the concerned Range Office during working hours.

**SCHEDULE**

| Sl. No. | Range | Name of plantation | Name of Dumping site | Species & Class | Quantity | Remarks |
|---|---|---|---|---|---|---|
| 1 | Achencovil | 1987 TP Kodamala | Kodamala | Teak Poles V | 163 Nos. | 1 Lot |
| 2 | | 1957 TP Muthalathodu | Pallivasal | Teak Timber IV | 17.905 $M^3$ | 6 Lots |

**Date of e-auction**

| Name of Range | e-Auction dates |
|---|---|
| **Achencovil** | 06.02.2025, 14.02.2025, 25.02.2025, 05.03.2025, 18.03.2025, 26.03.2025, 08.04.2025, 16.04.2025, 29.04.2025 13.05.2025, 23.05.2025, 30.05.2025, 09.06.2025, 19.06.2025, 27.06.2025, 08.07.2025, 18.07.2025, 28.07.2025, 07.08.2025, 19.08.2025, 26.08.2025, 10.09.2025, 19.09.2025, 26.09.2025, 08.10.2025, 17.10.2025, 28.10.2025, 05.11.2025, 19.11.2025, 27.11.2025, 09.12.2025, 19.12.2025 & 30.12.2025 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Earnest Money Deposit**

| | | |
|---|---|---|
| Timber | - | **Rs. 50,000/-** |
| Teak poles, Teak Billet & JWFW | - | **Rs 20,000/-** |

The e-auction will be knocked down in the name of the highest bidders.

Those who are interested to participate in the e-auction should be registered buyer online with MSTC limited, Bangalore. Conditions for e-auction will be available at the website www.mstcecommerce.com.

| | | |
|---|---|---|
| Telephone No: Divisional Forest Office, Achencovil | - | 0475 - 2342315 |
| Range Forest Office, Achencovil | - | 0475 - 2342530 |

Achencovil
21.01.2025

**ANEESH.S**
Divisional Forest Officer, Achencovil
(For and on behalf of Governor of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അച്ചൻകോവിൽ വനം ഡിവിഷൻ**

**നമ്പർ.എ1-51/2025** **21 ജനുവരി 2025**

**ഇ-ലേലപരസ്യം**

അച്ചൻകോവിൽ ഡിവിഷനിലെ അച്ചൻകോവിൽ റെയിഞ്ചിലെ 1987 കോടമല, 1957 മുതലത്തോട് എന്നീ തേക്ക് തോട്ടങ്ങളിൽ നിന്നും ഇടവെട്ടിലൂടെയും അന്തിമവെട്ടിലൂടെയും ശേഖരിച്ച തേക്ക് തടികൾ, തേക്ക് കഴകൾ എന്നിവ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) അവർകളുടെ 21.11.2015 ലെ പ്രൊ(4)-26243/13-ാം നമ്പറായി 15.12.2015 ലെ 49-ാം നമ്പർ കേരളഗസറ്റ് വാല്യം 4-ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ്/ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s MSTC, Ltd. www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ, ടി ഇ-ലേലത്തിന് മുൻപുവരെ ശേഖരിച്ച് അട്ടിവയ്ക്കുന്ന ഉൽപ്പന്നങ്ങളും ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിനുമുൻപ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ-പേയ്മെന്റ്/ ഇ-ട്രഷറി/ ഡിമാൻഡ് ഡ്രാഫ്റ്റ് / എം.എസ്.റ്റി.സി. ലിമിറ്റഡ് വഴികെട്ടിവയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കുകൊള്ളുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. വിജയിക്കുന്ന ഇ -ലേലക്കാരൻ, ഇ-ലേലതുകയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട ഉൽപ്പന്നങ്ങളുടെ തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ട്കെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ച് നൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.റ്റി, വനവികസന നികുതി, വരുമാന നികുതി മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്നതിനായി സമർപ്പിക്കുന്ന നിരതദ്രവ്യം SBI യുടെ Internet Online Banking വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിയ്ക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു. എല്ലാ ഇ-ലേലപ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേലപ്രമാണങ്ങൾ www.mstcecommerce.com വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ എൻ.ഐ.സി- യിൽ നിന്നോ www.mstcecommerce.com വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Helpdesk–ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ -പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും ഇ-ലേല പ്രമാണങ്ങളോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേലപ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജോഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോധ്യപ്പെട്ടു കൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനയ്ക്ക് വച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്ന പക്ഷം ആയത് കഴിച്ചുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളു. വിവിധ തോട്ടങ്ങളിലെ ജോലികൾ നടന്നു നടന്നുകൊണ്ടിരിക്കുന്നതിനാൽ ലേലത്തിന് മുൻപ് വരെ ഡംബിഗ് ഡിപ്പോയിൽ ഇറക്കി ലോട്ട് ചെയ്യുന്ന ഉൽപ്പന്നങ്ങൾ കൂടി ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും.

**പട്ടിക**

| ക്രമ നം. | റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അച്ചൻകോവിൽ | 1987 കോടമല തേക്ക് തോട്ടം | കോടമല | അഞ്ചാം തരം തേക്ക് കഴകൾ | 163 എണ്ണം | |
| 2 | | 1957 മുതലത്തോട് തേക്ക് തോട്ടം | പള്ളിവാസൽ | നാലാംതരം തേക്ക് തടികൾ | 17.905 ഘന മീറ്റർ | |

**ഇ-ലേല തീയതികൾ**

| റെയിഞ്ചിന്റെ പേര് | ഇ-ലേല തീയതികൾ |
|---|---|
| അച്ചൻകോവിൽ | 06.02.2025, 14.02.2025, 25.02.2025, 05.03.2025, 18.03.2025, 26.03.2025, 08.04.2025, 16.04.2025, 29.04.2025 13.05.2025, 23.05.2025, 30.05.2025, 09.06.2025, 19.06.2025, 27.06.2025, 08.07.2025, 18.07.2025, 28.07.2025, 07.08.2025, 19.08.2025, 26.08.2025, 10.09.2025, 19.09.2025, 26.09.2025, 08.10.2025, 17.10.2025, 28.10.2025, 05.11.2025, 19.11.2025, 27.11.2025, 09.12.2025, 19.12.2025 & 30.12.2025 |

**നിരതദ്രവ്യം**

**തേക്ക് തടികൾ - 50,000/- രൂപ**

**തേക്ക്കഴ, പാഴ്മര വിറക് - 20,000/- രൂപ**

ഇ-ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ഇ-ലേലം സ്ഥിരപ്പെടുത്തുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ബാംഗ്ലൂർ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ

www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ, അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ - 0475-2342315

റെയിഞ്ച് ഫോറസ്റ്റാഫീസ്, അച്ചൻകോവിൽ - 0475-2342530

**അനീഷ്.എസ്**
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
അച്ചൻകോവിൽ
(കേരള ഗവർണ്ണർക്ക് വേണ്ടി)

അച്ചൻകോവിൽ
21.01.2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അച്ചൻകോവിൽ ഡിവിഷൻ

**പുനർ-ഇ-ദർഘാസ് പരസ്യം**

നമ്പർ എ1-1931/2024 21 ജനുവരി 2025

അച്ചൻകോവിൽ ഡിവിഷന്റെ അധികാര പരിധിയിൽ വരുന്ന അച്ചൻകോവിൽ റെയിഞ്ചിലെ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന ഫോറസ്ട്രി ജോലികൾ പൂർത്തിയാക്കുന്നതിനുവേണ്ടി **G.O.(MS) No.26/2017/F&WLD dated 20.05.2017, G.O.(Rt) No.141/2021/F&WLD dated 06.05.2021** എന്നീ ഉത്തരവുകൾ പ്രകാരം വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ കോൺട്രാക്ടർമാരിൽ നിന്നും ബഹു.കേരള ഗവർണ്ണർക്കുവേണ്ടി അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദർഘാസുകൾ Online - മുഖേന ക്ഷണിക്കുന്നു.

ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഇതര മാനദണ്ഡങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇ-ദർഘാസ് പ്രമാണങ്ങളും, ഇ-ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ SBI-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ദർഘാസ് ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും e-procurement system-ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേതാണ്.

എല്ലാ ഇ-ദർഘാസ് പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും സ്വീകരിക്കുന്നതല്ല.

**പട്ടിക**

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരത ദ്രവ്യം (രൂപ) | ദർഘാസ് ഫോറത്തിന്റെ വില (18% ജി.എസ്.ടി ഉൾപ്പെടെ) (രൂപ) | കരാർ കാലാവധിയും, കരാറുകാരുടെ യോഗ്യതയും |
|---|---|---|---|---|---|---|
| 1 | 24/24-25 (എ1-1931/24) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വരുന്ന 2019 കൂരാംപാറ തേക്ക് തോട്ടത്തിന്റെ ഭാഗങ്ങളിലെ (4.37 കി.മീ) ഫയർ പ്രൊട്ടക്ഷൻ ജോലികൾ 2024-25 കാലയളവിൽ നിർവ്വഹിക്കൽ. | 94,000 | 2,400 | 525/- രൂപ + 18% ജി.എസ്.ടി 95/- രൂപ ആകെ = 620**/- രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| 2 | 25/24-25 (എ1-1941/24) | അച്ചൻകോവിൽ റെയിഞ്ചിലെ കുംഭാവുരുട്ടി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വരുന്ന വിവിധ ഡമ്പിംഗ് സൈറ്റുകളിലെ (പള്ളിവാസൽ, പള്ളിമുണ്ടാൻ) (2 കി.മീ) ഫയർ പ്രൊട്ടക്ഷൻ ജോലികൾ 2024-25 കാലയളവിൽ നിർവ്വഹിക്കൽ. | 43,000 | 1,100 | 315/-രൂപ + 18% ജി. എസ്.ടി 57/-രൂപ ആകെ = 372/-**രൂപ** | ഉടമ്പടി തീയതി മുതൽ 1 മാസം വരെ |

| | |
|---|---|
| ഇ-ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന | www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ് |
| ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും | 28.01.2025 രാവിലെ 10.00 മണി മുതൽ |
| ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | 04.02.2025 വൈകുന്നേരം 5.00 മണി വരെ |
| ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 06.02.2025 രാവിലെ 11.00 മണിക്ക്. |
| കരാറുകാരുടെ യോഗ്യത | ഡി-ക്ലാസ്സും അതിലുപരിയും |
| കരാർ കാലാവധി | പട്ടികയിൽ പറഞ്ഞിരിക്കും പ്രകാരം |

**ഏതെങ്കിലും കാരണവശാൽ 15.01.2025-ലെ ഇ-ദർഘാസ് നടക്കാതെ വന്നാലോ, ദർഘാസിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിലോ, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം പുനർ ഇ-ദർഘാസ് നടത്തുന്നതാണ്.**

**പട്ടിക**

| | |
|---|---|
| ഇ-ദർഘാസ് ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന പകരം തീയതിയും സമയവും | 07.02.2025 രാവിലെ 10.00 മണി മുതൽ |
| ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | 14.02.2025 വൈകുന്നേരം 5.00 മണി വരെ |
| ഇ-ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, അച്ചൻകോവിൽ, 17.02.2025 രാവിലെ 11.00 മണിക്ക്. |

**ദർഘാസിനോടൊപ്പം 200/-രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, റിക്വിസിഷൻ ഫോർ ഇ-പേയ്മെന്റ്, ക്ലോസ് റ്റു ബി ഇൻക്ലൂടഡ് ഇൻ ദി പവർ ഓഫ് അറ്റോർണി, സാക്ഷ്യപത്രം, ദർഘാസ് ഡോക്കുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേതാണ്.** ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ, www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്‌ലോഡു ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ദർഘാസ് വ്യവസ്ഥകളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വിജയിയാകുന്ന ദർഘാസുകാരൻ കരാർ തുകയുടെ 0.1 ശതമാനം രൂപയുടെ (ഏറ്റവും കുറഞ്ഞത് 500/-രൂപ) മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനമോ 5,00,000/-രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണങ്ങളാലോ, അവധിയായി പ്രഖ്യാപിക്കുന്നപക്ഷമോ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും, സ്ഥലത്തും വച്ച് ഇ-ദർഘാസ് തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ, ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

**നിബന്ധനകൾ**

1. ജി.ഒ (എം.എസ്സ്)-26/2017/വനം-വന്യജീവി വകുപ്പ് തീയതി 20.05.2017, ജി.ഒ (ആർ.റ്റി)-141/2021/വനം-വന്യജീവി വകുപ്പ് തീയതി 06.05.2021 എന്നീ സർക്കാർ ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസിനെ സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ ഭേദഗതി നിയമം 2022-ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്. വനം - വന്യജീവി വകുപ്പിൽ വിവിധ ദർഘാസുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും പുറമെ ദർഘാസ് ജോലികളുമായി ബന്ധപ്പെട്ട് വനം - വന്യജീവി വകുപ്പോ സർക്കാരോ ഭാവിയിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

2. ദർഘാസുകാർ ദർഘാസ് ഫോറത്തിന്റെ വിലയും നിരതദ്രവ്യവും ഇ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചെയ്യേണ്ടതാണ്. പണം ഒടുക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് സംവിധാനമോ മറ്റു ബാങ്കുകളുടെ NEFT മാർഗ്ഗമോ ഉപയോഗിക്കേതാണ്. ഓൺലൈൻയായി തുക ഒടുക്കുന്നതിന് NEFT സംവിധാനം ഉപയോഗിക്കുന്നവർ ദർഘാസ് അവസാനിക്കുന്ന സമയത്തിന്റെ 72 മണിക്കൂർ മുമ്പെങ്കിലും ഈ സംവിധാനം ഉപയോഗിക്കേണ്ടതും ടെണ്ടർ ഫോറത്തിന്റെ വിലയും നിരതദ്രവ്യവും അടച്ചതിന്റെ സ്ഥിരീകരണം ഈ -പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. NEFT വഴിയുള്ള പണമിടപാട് നടത്തുന്നതിന് ഈ-പ്രൊക്യൂർമെന്റ് സിസ്റ്റം നൽകുന്ന ഓൺലൈൻ NEFT റെമിറ്റൻസ് ഫോറം പണം ഒടുക്കിയതിന്റെ സ്ഥിരീകരണമായി പരിഗണിക്കുന്നതല്ല. NIC/SBI എന്നിവ വഴി പണം ഒടുക്കിയത് സ്ഥിരീകരിക്കുന്നതിനുണ്ടാകുന്ന ഒരുതരത്തിലുള്ള കാലതാമസത്തിനും കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

3. ദർഘാസുകാർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 200/- രൂപയുടെ കേരളാ സർക്കാർ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാർ, ഓൺലൈൻ ഇ-പേയ്മെന്റിനായി ശരിയായി പൂരിപ്പിച്ച പ്രൊഫോർമ, സാക്ഷ്യപത്രം എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് സമർപ്പിക്കേണ്ടതാണ്. തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രാഥമിക കരാറിന്റെ അസ്സൽ ദർഘാസ് എന്നിവ സീൽ ചെയ്ത കവറിലാക്കി ജോലിയുടെ പേരും ടെണ്ടർ നമ്പറും കവറിനു മുകളിൽ രേഖപ്പെടുത്തി നിശ്ചിത സമയപരിധിക്കകം അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സ്പീഡ് പോസ്റ്റോ അഥവാ രജിസ്ട്രേഡ് പോസ്റ്റോ വഴി സമർപ്പിക്കേതാണ്. ഇതിന് വീഴ്ച വരുത്തുന്നവരുടെ ദർഘാസുകൾ റദ്ദാക്കുന്നതാണ്.

4. യാതൊരു കാരണവും പറയാതെ ദർഘാസിലെ വിവരങ്ങൾ ഭേദഗതി ചെയ്യുന്നതിനോ എല്ലാ ദർഘാസുകളോ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയോ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകാരന് ഏതെങ്കിലും ഡേറ്റ ലഭിക്കാതിരിക്കുകയോ ഡൗൺലോഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുമ്പോൾ ഏതെങ്കിലും Scheduled രേഖകൾ നഷ്ടപ്പെടുകയോ ചെയ്യുന്നതുവഴിയുണ്ടാകുന്ന പിശകുകൾക്ക് കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

5. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ NIC-യിൽ നിന്നോ www.etender.kerala.gov.in എന്ന വെബ്സൈറ്റിലെ e-tender help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് പ്രവർത്തന സമയത്ത് ലഭ്യമാകുന്നതാണ്. ദർഘാസുകാരൻ ഇ-പേയ്മെന്റിന്റെ വിശദാംശങ്ങൾ (കോർ ബാങ്കിംഗ് സൗകര്യമുള്ളപ്പോൾ ദർഘാസുകാരന്റെ ബാങ്ക് അക്കൗണ്ട് നമ്പരും, ഈ-മെയിൽ വിലാസവും) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങളില്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

6. ദർഘാസുകാരന് ദർഘാസ് അപ്‌ലോഡ് ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്യുന്നത് വഴിയുണ്ടാകുന്ന ഏതെങ്കിലും അസൗകര്യത്തിനോ നഷ്ടത്തിനോ കേരളാ വനംവകുപ്പ് ഉത്തരവാദിയാകുന്നതല്ല.

7. ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേതാണ്. എഗ്രിമെന്റിന്റെ കരട് ഈ ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

8. ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പായി ജോലി നടത്തേണ്ടസ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

9. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ, നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

10. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേതാണ്.

11. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ ദർഘാസ് ദിവസം പകൽ 11.00-മണിക്ക് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

12. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

13. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരമോ ഇ-മെയിൽ മുഖേനയോ അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 10 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാരനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽകൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 5% രൂപ സെക്യൂരിറ്റിയായി ഒടുക്കേതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

15. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

17. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

18. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

19. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുളള യഥാർത്ഥ വിസ്തൃതിക്ക് ജോലി ചെയ്യാൻ ബാധ്യസ്ഥനാണ്.

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ താഴെപ്പറയുന്ന പ്രകാരം ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ഇ-പെയ്മെന്റ് വഴിയായിരിക്കും.

21. താഴെപ്പറയും പ്രകാരമായിരിക്കും ടി ജോലികളുടെ കോൺട്രാക്ടർക്ക് തുക മാറി നൽകുന്നത്.

പ്രസ്തുത ജോലികൾ നിർദ്ദിഷ്ഠ ഗുണനിലവാരത്തോടും ബന്ധപ്പെട്ട മാനദണ്ഡങ്ങളോടും കൂടി പൂർത്തിയാക്കുന്ന പക്ഷം 100% തുകയും കരാറുകാരന് അനുവദിച്ച് നൽകുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് പ്രകാരം കണക്കാക്കിയ നിരക്ക് മാറി നൽകുന്നതായിരിക്കും.

23. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

24. ഇ-ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ടി ഇ-ദർഘാസിനും ബാധകമായിരിക്കും.

25. അതോടൊപ്പം ഇ-ദർഘാസുമായി ബന്ധപ്പെട്ട് നിലവിൽ വനം വകുപ്പും സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകൾക്കും ഇതര നിബന്ധനകൾക്കും ബന്ധപ്പെട്ട ഉത്തരവുകൾക്കും സർക്കുലറുകൾക്കും പുറമെ ഈ വിജ്ഞാപന തീയതിക്ക് ശേഷം സർക്കാരോ വനം വകുപ്പോ മറ്റ് വകുപ്പുകളോ ഇ-ദർഘാസുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും, വ്യവസ്ഥകളും , നിബന്ധനകളും ഈ ഇ-ദർഘാസിനും ബാധകമായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ 0475-2342315), അച്ചൻകോവിൽ റെയിഞ്ച് ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ 8547600500) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

**അനീഷ്. എസ്**
ഡിവിഷണൽ ഫോറസ്റ്റാഫീസർ
അച്ചൻകോവിൽ
(ബഹു.കേരള ഗവർണ്ണർക്കുവേണ്ടി)

അച്ചൻകോവിൽ
21.01.2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കേരളാ വനംവകുപ്പ്
## കോതമംഗലം ഡിവിഷൻ

### ഇ–ലേല പരസ്യം

*KFDDO/ 17906/ 2024-DFOKGLM G1* **തീയതി : 27.01.2025**

*കോതമംഗലം ഫോറസ്റ്റ് ഡിവിഷനിലെ കോതമംഗലം റെയിഞ്ചിൽ ഉൾപ്പെട്ട തട്ടേക്കാട് സെക്ഷൻ അധികാര പരിധിയിലുള്ള 1947, 1948 തേക്ക് പ്ലാന്റേഷനുകളിലെ സെലക്ഷൻ ഫെല്ലിങ്ങിലൂടെ ശേഖരിച്ചതും തോട്ടത്തിൽത്തന്നെ അട്ടക്കി സൂക്ഷിച്ചിരിക്കുന്നതുമായ തേക്ക് ബില്ലറ്റ്, തേക്ക് വിറക് എന്നിവ 11.02.2025 തീയതിയിൽ എം.എസ്.ടി.സി. മുഖേന ഇ–ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ഏതെങ്കിലും കാരണത്താൽ അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 25.02.2025–ലും അന്നും ലേലം നടക്കാതെ വന്നാൽ 11.03.2025–ലും നടത്തുന്നതാണ്. എം.എസ്.റ്റി.സി കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.*

*എം.എസ്.റ്റി.സി വഴി മേൽ തീയതികളിൽ ടി ലോട്ടുകൾ ഇ–ലേലത്തിൽ വിറ്റഴിക്കപ്പെടാതിരുന്നാൽ 20.03.2025 ൽ കോതമംഗലം റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ വച്ച് രാവിലെ 11.00 മണിയ്ക്ക് നടത്തപ്പെടുന്ന പൊതുലേലത്തിൽ വിറ്റഴിക്കുന്നതാണ്. ടി തീയതിയിൽ പൊതുലേലം നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം അതേ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.*

| ലോട്ട് നമ്പർ. | ലേല വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലം | ഇനം | തടിയുടെ അളവ് | മതിപ്പ് വില | നിരത ദ്രവ്യം |
|---|---|---|---|---|---|
| 08/24 മുതൽ 16/24 വരെയും 18/24 മുതൽ 20/24 വരെയും | 1947 തേക്ക് തോട്ടം | തേക്ക് ബില്ലറ്റ് | 63.5 MT | 6,000,75/- | 20000/ |
| 17/24 | | തേക്ക് വിറക് | 5.175 MT | 32602.50/- | 20000/ |
| 21/24 മുതൽ 27/24 വരെ. | 1948 തേക്ക് തോട്ടം | തേക്ക് ബില്ലറ്റ് | 39.625 MT | 374456/- | 20000/ |
| 28/24 | | തേക്ക് വിറക് | 2.975 MT | 18743/- | 20000/ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബഹു. സംരക്ഷണ വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.10.2014-ലെ പ്രൊ(4)-29243/2013 നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ഇ-ലേലം. ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേല ദിവസത്തിന്റെ തൊട്ടു തലേ ദിവസം വൈകിട്ട് 6 മണിക്കു മുമ്പായി നിരതദ്രവ്യം അടച്ചിരിക്കണം. ഈ തുക ഓൺലൈൻ മുഖേന അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കേടുക്കുവാൻ സാധിക്കുകയുള്ളൂ.

വിജയിക്കുന്ന ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേലവിലയുടെ 35% തുക ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി ഓരോ ലോട്ടിലുമുള്ള കഴ/വിറക് കണ്ട് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു പരാതികളും ലേലത്തിനു ശേഷം പരിഗണിക്കുന്നതുമല്ല. കൂടുതൽ വിവരങ്ങൾക്ക് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ, കോതമംഗലം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിലോ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

പുനർലേലം നടത്തേണ്ടി വരുന്നപക്ഷം തുക ആദ്യ ലേലത്തുകയേക്കാൾ കുറവായാൽ ടി നഷ്ടവും മറ്റ് ചിലവുകളും ഉൾപ്പെടെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിശ്ചയിക്കുന്ന തുക നഷ്ടം വരുത്തിയ ലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ മുഖേന ഈടാക്കുന്നതാണ്.

വിജയിയായ ലേലക്കാരൻ നിലവിൽ ഉള്ള നിരക്കിൽ ചരക്കുസേവന നികുതി, വനവികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും ആകെ തുകയുടെ 5% വന വികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്കുസേവന നികുതി, വരുമാന നികുതി എന്നിവകളും ഒടുക്കേണ്ടതാണ്. 15 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 24% പലിശയും 2.5 % സർചാർജ്ജും ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും, യുക്തം പോലെ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

കഴകളും വിറകും സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത്, ലേലതുകയും നികുതികളും പൂർണ്ണമായും അടച്ചതിന് ശേഷം മാത്രമായിരിക്കും. നിലവിലുള്ള നിയമങ്ങളും ബാധകമായിരിക്കും. യാതൊരു കാരണവശാലും സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മറ്റ് മരങ്ങൾക്കോ നാശനഷ്ടങ്ങൾ വരുത്താൻ പാടില്ല. അങ്ങനെ ഉണ്ടാകുന്ന പക്ഷം നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്. നികുതി നിരക്കുകളിലും മറ്റ് സർക്കാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

ഇ-ലേലം സംബന്ധിച്ച് കേരള ഫോറസ്റ്റ് കോഡ് പ്രകാരമുള്ള നിബന്ധനകളും എം.എസ്.റ്റി.സി പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും.

ഇ-ലേല നിബന്ധനകളിൽ ബഹു. സംരക്ഷണ വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കേണ്ടതുമാണ്. മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദു ചെയ്യുന്നതിനുള്ള അധികാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഇ-ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ : dfo-kglm.for@kerala.gov.in
ഫോൺ നമ്പർ : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് - 0485 2822317
: റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കോതമംഗലം -8547601323

(ഒപ്പ്)
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
**കോതമംഗലം**
(കേരളാ ഗവർണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കേരള വനംവകുപ്പ്**
**പാലക്കാട് ഡിവിഷൻ**

P-4994/2024 dated : 25/01/2025

**പുനർ ഇ–ലേല പരസ്യം**

പാലക്കാട് ഡിവിഷന്റെ പരിധിയിലുള്ള ഒലവക്കോട് റെയിഞ്ചിലെ ധോണി സെക്ഷൻ ഓഫീസ്, ലേഡീസ് ക്വാർട്ടേഴ്സ്, ഡോർമിറ്ററി, കല്ലടിക്കോട് എ.പി.സി. എന്നീ കെട്ടിടങ്ങൾക്ക് ഭീഷണിയായി നിൽക്കുന്ന നിൽപ്പുമരങ്ങളുടെ ലേലം **30/01/2025** തീയതി (11.30 മുതൽ 1.30 മണിവരെ) തീയതിയിൽ ഇ-ലേലം നടത്തുന്നതായിരിക്കും. എം.എസ്.റ്റി.സി. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0491 2555156 എന്ന നമ്പറിൽ ബന്ധപ്പെടുക (പാലക്കാട് ഡിവിഷൻ).

**Schedule 1**

| Sl No. | Lot No. | Tree Type | Timber Volume ($M^3$) | Firewood (MT) |
|---|---|---|---|---|
| | | **Soft Wood** | | |
| 1. | 47/2024 | ബാൾസ | 1.449 | 0.529 |
| 2. | | കാരാഞ്ഞിലി | 2.031 | 0.211 |
| 3. | | കാരാഞ്ഞിലി | 27.107 | 11.977 |
| 4. | | കാരാഞ്ഞിലി | 7.953 | 2.268 |
| 5. | | ബാൾസ | 2.116 | 0.8575 |
| 6. | | ബാൾസ | 1.661 | 0.6305 |
| 7. | | ബാൾസ | 6.812 | 3.5155 |
| 8. | | ബാൾസ | 3.721 | 1.716 |
| 9. | | ബാൾസ | 4.656 | 2.245 |
| 10. | | ബാൾസ | 0.708 | 0.1645 |
| 11. | | ബാൾസ | 3.143 | 1.3695 |
| 12. | | ബാൾസ | 1.449 | 0.529 |
| 13. | | ബാൾസ | 2.36 | 0.9815 |
| 14. | | പൂവാക | 1.661 | 0.6305 |
| 15. | | പൂവാക | 2.605 | 1.105 |
| 16. | | ബാൾസ | 0.396 | 0.085 |
| 17. | | പൂവാക | 4.026 | 1.875 |
| 18. | | ബാൾസ | 4.992 | 2.4385 |
| 19. | | താന്നി | 2.869 | 1.2495 |
| 20. | | മയിലെള്ള് | 0.708 | 0.1645 |
| 21. | 48/2024 | മട്ടി | 0.879 | 0.274 |
| 22. | | മട്ടി | 1.247 | 0.435 |
| 23. | | മട്ടി | 1.061 | 0.352 |
| 24. | | മട്ടി | 0.369 | 0.085 |
| 25. | | മട്ടി | 1.661 | 0.6305 |
| 26. | | മട്ടി | 0.13 | 0.0 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 27. | | മട്ടി | 0.257 | 0.0355 |
| 28. | | മുരിക്ക് | 0.547 | 0.1395 |
| 29. | | മുരിക്ക് | 1.667 | 0.6305 |
| 30. | | ഇലവ് | 2.755 | 0.407 |

**Schedule 2**

| Sl No. | Lot No. | Tree Type | Timber Volume ($M^3$) | Firewood (MT) |
|---|---|---|---|---|
| | | Hard Wood | | |
| 1. | 49/2024 | മഹാഗണി | 1.247 | 0.435 |
| 2. | | മരുത് | 0.685 | 0.656 |
| 3. | | പുല്ലമരുത് | 1.799 | 1.291 |
| 4. | | വേങ്ങ | 3.12 | 1.995 |
| 5. | | മഹാഗണി | 1.061 | 0.352 |
| 6. | | ചടച്ചി | 0.787 | 0.632 |
| 7. | | ചടച്ചി | 0.979 | 0.818 |
| 8. | | മരുത് | 0.446 | 0.467 |
| 9. | | മഹാഗണി | 0.708 | 0.1645 |
| 10. | | ഞെട്ടാവൽ | 3.143 | 1.3965 |
| 11. | 50/2024 | മരുത് | 1.799 | 1.291 |

16.09.2014-ലെ വോള്യം 3 പാർട്ട് 3, 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21.08.2014-ലെ പ്രൊ(4)-29243/2013 നമ്പർ നിബന്ധനകളും, 04.11.2014-ലെ വോള്യം 3 പാർട്ട് 3, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരത്തിന്റെ 17.10.2014-ലെ പ്രൊ4 - 29243/2013 നമ്പർ നിബന്ധനകളും, 24.02.2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം 4 പാർട്ട് 3 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 03.02.2015-ലെ പ്രൊ4 - 29243/2013 നമ്പർ വിജ്ഞാപനങ്ങൾക്ക് വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്.

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്ന തിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ, പാലക്കാടിൽ നിക്ഷിപ്തമായിരിക്കും. ടി ലേലം ചെയ്യുന്ന തടി ഉൽപ്പന്നത്തിന് 20,000/- രൂപ നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടു തലേദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക എം.എസ്.റ്റി.സി.യ്ക്ക് ഓൺലൈൻ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റ് ഒടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ അടയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ളവയുടെ അളവിൽ മാറ്റംവരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദുചെയ്യുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ, പാലക്കാടിൽ നിക്ഷിപ്തമായിരിക്കും.

ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റാഫീസർ,
കല്ലേക്കുളങ്ങര പി.ഒ., പാലക്കാട് 695 009
ഇ-മെയിൽ dfoplkd@gmail.com, dfo-plkd.for@kerala.gov.in
ഫോൺ നമ്പർ 0491 2555156.

റെയിഞ്ച് ഫോറസ്റ്റാഫീസർ,
ഒലവക്കോട്, ഫോൺ : 8547602262.

ഒപ്പ്/-
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
പാലക്കാട്
( കേരള ഗവർണർക്കുവേണ്ടി)

പാലക്കാട്
25/01/2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Kerala Forest Department
Palakkad Division

## Re E-auction Sale Notice

P-4994/2024 dated : 25/01/2025

The following quantities of standing trees standing dangerous to Dhoni Section office, Ladies Quarters, Dormitory, Kalladikkode APC will be offered for sale by E-auction on **30/01/2025** (time 11.30 to 1.30). Those registered for auction with MSTC have the right to participate in the E-auction. Further details is available in the website www.mstc.ecommerce.com or through phone No. 0491 2555156 of this office during office hours.

### Schedule 1

| Sl No. | Lot No. | Tree Type | Timber Volume ($M^3$) | Firewood (MT) |
|---|---|---|---|---|
| | | **Soft Wood** | | |
| 1. | 47/2024 | ബാൾസ | 1.449 | 0.529 |
| 2. | | കാരാഞ്ഞിലി | 2.031 | 0.211 |
| 3. | | കാരാഞ്ഞിലി | 27.107 | 11.977 |
| 4. | | കാരാഞ്ഞിലി | 7.953 | 2.268 |
| 5. | | ബാൾസ | 2.116 | 0.8575 |
| 6. | | ബാൾസ | 1.661 | 0.6305 |
| 7. | | ബാൾസ | 6.812 | 3.5155 |
| 8. | | ബാൾസ | 3.721 | 1.716 |
| 9. | | ബാൾസ | 4.656 | 2.245 |
| 10. | | ബാൾസ | 0.708 | 0.1645 |
| 11. | | ബാൾസ | 3.143 | 1.3695 |
| 12. | | ബാൾസ | 1.449 | 0.529 |
| 13. | | ബാൾസ | 2.36 | 0.9815 |
| 14. | | പൂവാക | 1.661 | 0.6305 |
| 15. | | പൂവാക | 2.605 | 1.105 |
| 16. | | ബാൾസ | 0.396 | 0.085 |
| 17. | | പൂവാക | 4.026 | 1.875 |
| 18. | | ബാൾസ | 4.992 | 2.4385 |
| 19. | | താന്നി | 2.869 | 1.2495 |
| 20. | | മയിലെള്ള് | 0.708 | 0.1645 |
| 21. | 48/2024 | മട്ടി | 0.879 | 0.274 |
| 22. | | മട്ടി | 1.247 | 0.435 |
| 23. | | മട്ടി | 1.061 | 0.352 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 24. | | മട്ടി | 0.369 | 0.085 |
| 25. | | മട്ടി | 1.661 | 0.6305 |
| 26. | | മട്ടി | 0.13 | 0.0 |
| 27. | | മട്ടി | 0.257 | 0.0355 |
| 28. | | മുരിക്ക് | 0.547 | 0.1395 |
| 29. | | മുരിക്ക് | 1.667 | 0.6305 |
| 30. | | ഇലവ് | 2.755 | 0.407 |

**Schedule 2**

| Sl No. | Lot No. | Tree Type | Timber Volume ($M^3$) | Firewood (MT) |
|---|---|---|---|---|
| | | Hard Wood | | |
| 1. | 49/2024 | മഹാഗണി | 1.247 | 0.435 |
| 2. | | മരുത് | 0.685 | 0.656 |
| 3. | | പുല്ലമരുത് | 1.799 | 1.291 |
| 4. | | വേങ്ങ | 3.12 | 1.995 |
| 5. | | മഹാഗണി | 1.061 | 0.352 |
| 6. | | ചടച്ചി | 0.787 | 0.632 |
| 7. | | ചടച്ചി | 0.979 | 0.818 |
| 8. | | മരുത് | 0.446 | 0.467 |
| 9. | | മഹാഗണി | 0.708 | 0.1645 |
| 10. | | ഞെട്ടാവൽ | 3.143 | 1.3965 |
| 11. | 50/2024 | മരുത് | 1.799 | 1.291 |

The sale will be subjected to the conditions notified in the e-auction notification and the general sale conditions vide Notification No. Pro4 - 29243/2013 dated 21.08.2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram published in Kerala Gazette No. 36, Volume III Part III dated 16.09.2014, notification No. Pro4-29243/2013 dated 17.10.2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram published in Kerala Gazette No. 43l Volume III Part III dated 04.11.2014 and notification No. Pro4 - 29243/2013 dated 03.02.2015 of Additional Principal Chief Conservator of Forests (Vigilance), Thiruvananthapuram published in Kerala Gazette No. 08, Volume III Part III dated 24.02.2015.

The Divisional Forest Officer, Palakkad reserves all the right to exclude any class or quantity of teak and miscellaneous poles shown in the schedule above for sale. EMD amount of Rs. 20000/- for the above trees (timber and firewood) can be remitted through online payment system to MSTC by 2 pm on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. Only the registered customers who will submit the EMD will be able to

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

participate against the eligible lots in e-auction. If the sale value of bid materials is not paid within the specified time period against any of the bid lot by the H1 bidder, the EMD will be forfeited.

The successful bidders shall pay 35% of the bid value, after adjusting the EMD already remitted and shall be paid within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala.

If any modifications or change in the sale conditions are intimated by the Additional Principal Chief Conservator of Forests (Protection), Thiruvananthapuram that will also be applicable to this e-auction sale and it will be informed to the bidder before e-auction. The undersigned reserves the right to alter the quantities of the materials mentioned in the above schedule or to cancel the e-auction of any materials without further notice.

Further particulars can be had from the Divisional Forest Officer, Palakkad District, Kerala, PIN 678009. email : dfoplkd@gmail.com, dfo-plkd.for@kerala.gov.in Phone : 0491 2555156.

Sd/-
Divisional Forest Officer
Palakkad
(For and on behalf of the Governor of Kerala)

Palakkad
25/01/2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നെന്മാറ വനം ഡിവിഷൻ

## ദർഘാസ്/ലേല പരസ്യം

KFDDO/71880/2024-DFONMR/E1 തിയ്യതി: 22.01.2025

കേരള വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്.) 26/2017/F&WLD തീയതി 20.05.2017, സർക്കാർ ഉത്തരവ് (ആർ.ടി) 141/2021/F&WLD തീയതി 06.05.2021 പ്രകാരം നിലവിൽ യോഗ്യരായ 'എ', 'ബി', 'സി' 'ഡി' ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടിക I-ൽ വിവരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം വെള്ളപേപ്പറിൽ തയ്യാറാക്കിയ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ്, ആധാർ കാർഡ്, ജി.എസ്.ടി. രജിസ്ട്രേഷൻ എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ്ഡെസ്ക്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാവുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

വിജയി ആകുന്ന ദർഘാസുകാരൻ സർക്കാർ നിശ്ചയിച്ച തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ദർഘാസ് തുകയുടെ 5% ശതമാനം തുകയ്ക്കുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് സഹിതം ഉടമ്പടി വെക്കേണ്ടതാണ്. (25% കുറവ് നിരക്കിൽ ദർഘാസ് തുക രേഖപ്പെടുത്തുകയാണെങ്കിൽ 10% അധിക സെക്യൂരിറ്റി തുകയും ഒടുക്കേണ്ടതാണ്.) ഫയർലൈൻ, ഫയർ ട്രെയ്‌സിംഗ് തുടങ്ങിയവക്ക് പ്രത്യേകം നിരക്ക് രേഖപ്പെടുത്തുന്ന ദർഘാസുകൾ ഏതൊരു സാഹചര്യത്തിലും അംഗീകരിക്കുന്നതല്ല. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടത്തുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക – I

| പ്രവർത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിരതദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില |
|---|---|---|---|
| നെല്ലിയാമ്പതി റെയ്ഞ്ചിലെ വിവിധ വനഭാഗങ്ങളിൽ ഫയർ ബ്രേക്സ് നിർമ്മാണം | 432500 | 10900 | 1000+GST @18% |

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി :**22.01.2025 (4.00pm)**

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : **30.01.2025 (5.00pm)**

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : **01.02.2025 (11 am)**

കരാർ കാലാവധി : ഉടമ്പടി തീയതി മുതൽ **30** ദിവസം

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രവൃത്തിയുടെ ഏകദേശ അളവ് ആകയാൽ ആയതിൽ മാറ്റം ഉണ്ടാകാവുന്നതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നിയമാനുസൃതമായ പിഴ ദർഘാസുകാരനിൽ നിന്നും വസൂലാക്കുന്നതിനുള്ള പൂർണ്ണ അധികാരം വനംവകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ലേലവ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്. വിശദമായ ടെണ്ടർ വ്യവസ്ഥകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | റെയ്ഞ്ച് | ഫയൽ നമ്പർ | പ്രവൃത്തിയുടെ പേര് | അളവ് (കി.മീ.) | പ്രവൃത്തി ചെയ്യുന്ന സ്ഥലം | അടങ്കൽ തുക |
|---|---|---|---|---|---|---|
| 1 | നെല്ലിയാമ്പതി | KFDDO/71880/2024/E1 | ഫയർബ്രേക്സ് നിർമ്മാണം | 5 | പോത്തുണ്ടി മുതൽ കുണ്ടൂർ ചോല വരെ | 108000 |
| 2 | | KFDDO/71892/2024/E1 | | 10 | നേർച്ചപ്പാറ മുതൽ തളിപ്പാടം വരെ | 216000 |
| 3 | | KFDDO/71881/2024/E1 | | 2 | തളിപ്പാടം മുതൽ പോത്തുണ്ടി വരെ | 43500 |
| 4 | | KFDDO/71888/2024/E1 | | 3 | പുളിക്കൽച്ചിറ മുതൽ കുറുമ്പൂർ വരെ | 65000 |
| | **ആകെ** | | | **20 Km** | | **432500** |

കൂടുതൽ വിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04923 243179), നെല്ലിയാമ്പതി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04923 241014) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

പ്രവീൺ. പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നെന്മാറ ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നെന്മാറ വനം ഡിവിഷൻ

## ദർഘാസ്/ലേല പരസ്യം

KFDDO/3558/2025-DFONMR/O1 തിയ്യതി: 22.01.2025

കേരള വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്.) 26/2017/F&WLD തീയതി 20.05.2017, സർക്കാർ ഉത്തരവ് (ആർ.ടി) 141/2021/F&WLD തീയതി 06.05.2021 പ്രകാരം നിലവിൽ യോഗ്യരായ 'എ', 'ബി', 'സി' 'ഡി' ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടിക I-ൽ വിവരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം വെള്ളപേപ്പറിൽ തയ്യാറാക്കിയ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ്, ആധാർ കാർഡ്, ജി.എസ്.ടി. രജിസ്ട്രേഷൻ എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ്ഡെസ്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാവുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജയി ആകുന്ന ദർഘാസുകാരൻ സർക്കാർ നിശ്ചയിച്ച തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ദർഘാസ് തുകയുടെ 5% ശതമാനം തുകയ്ക്കുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് സഹിതം ഉടമ്പടി വെക്കേണ്ടതാണ്. (25% കുറവ് നിരക്കിൽ ദർഘാസ് തുക രേഖപ്പെടുത്തുകയാണെങ്കിൽ 10% അധിക സെക്യൂരിറ്റി തുകയും ഒടുക്കേണ്ടതാണ്.) ഫയർലൈൻ, ഫയർ ട്രെയ്സിംഗ് തുടങ്ങിയവക്ക് പ്രത്യേകം നിരക്ക് രേഖപ്പെടുത്തുന്ന ദർഘാസുകൾ ഏതൊരു സാഹചര്യത്തിലും അംഗീകരിക്കുന്നതല്ല. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടത്തുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

<u>പട്ടിക – I</u>

| പ്രവർത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിരതദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില |
|---|---|---|---|
| കൊല്ലങ്കോട് റെയ്ഞ്ചിലെ മുരിങ്ങ മല കൂച്ചുമുടി മാൻപാറ ഭാഗങ്ങളിൽ ഫയർബ്രേക്സ് നിർമ്മാണം (2 എണ്ണം) | 207000 | 5200 | 500+GST @18% |

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി : **23.01.2025 (4.00pm)**

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : **31.01.2025 (5.00pm)**

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : **03.02.2025 (11 am)**

കരാർ കാലാവധി : ഉടമ്പടി തീയതി മുതൽ **30** ദിവസം

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രവൃത്തിയുടെ ഏകദേശ അളവ് ആകയാൽ ആയതിൽ മാറ്റം ഉണ്ടാകാവുന്നതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നിയമാനുസൃതമായ പിഴ ദർഘാസുകാരനിൽ നിന്നും വസൂലാക്കുന്നതിനുള്ള പൂർണ്ണ അധികാരം വനംവകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ലേലവ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്. വിശദമായ ടെണ്ടർ വ്യവസ്ഥകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| ക്രമ നമ്പർ | റെയ്ഞ്ച് | ഫയൽ നമ്പർ | പ്രവൃത്തിയുടെ പേര് | അളവ് (കി.മീ.) | പ്രവൃത്തി ചെയ്യുന്ന സ്ഥലം | അടങ്കൽ തുക |
|---|---|---|---|---|---|---|
| 1 | കൊല്ലങ്കോട് | KFDDO/3558/2024/O1 | ഫയർബ്രേക്സ് നിർമ്മാണം | 4 | മുരിങ്ങമല ഏരിയ | 69000 |
| 2 | | KFDDO/3562/2024/O1 | | 8 | കൂച്ചുമുടി മുതൽ മാൻപാറ വരെ | 138000 |
| | **ആകെ** | | | **12 Km** | | **207000** |

കൂടുതൽ വിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04923 243179), കൊല്ലങ്കോട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04923 264104) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

പ്രവീൺ. പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നെന്മാറ ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നെന്മാറ വനം ഡിവിഷൻ

## ദർഘാസ്/ലേല പരസ്യം

KFDDO/71314/2024-DFONMR/O2 തിയ്യതി: 22.01.2025

കേരള വനംവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്.) 26/2017/F&WLD തീയതി 20.05.2017, സർക്കാർ ഉത്തരവ് (ആർ.ടി) 141/2021/F&WLD തീയതി 06.05.2021 പ്രകാരം നിലവിൽ യോഗ്യരായ 'എ', 'ബി', 'സി' 'ഡി' ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടിക I-ൽ വിവരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം വെള്ളപേപ്പറിൽ തയ്യാറാക്കിയ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻകാർഡ്, ആധാർ കാർഡ്, ജി.എസ്.ടി. രജിസ്ട്രേഷൻ എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ്ഡെസ്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം

സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാവുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

വിജയി ആകുന്ന ദർഘാസുകാരൻ സർക്കാർ നിശ്ചയിച്ച തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ദർഘാസ് തുകയുടെ 5% ശതമാനം തുകയ്ക്കുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് സഹിതം ഉടമ്പടി വെക്കേണ്ടതാണ്. (25% കുറവ് നിരക്കിൽ ദർഘാസ് തുക രേഖപ്പെടുത്തുകയാണെങ്കിൽ 10% അധിക സെക്യൂരിറ്റി തുകയും ഒടുക്കേണ്ടതാണ്.) ഫയർലൈൻ, ഫയർ ട്രെയ്സിംഗ് തുടങ്ങിയവക്ക് പ്രത്യേകം നിരക്ക് രേഖപ്പെടുത്തുന്ന ദർഘാസുകൾ ഏതൊരു സാഹചര്യത്തിലും അംഗീകരിക്കുന്നതല്ല. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടത്തുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

<u>പട്ടിക – I</u>

| പ്രവർത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷത്തിൽ) | നിരതദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില |
|---|---|---|---|
| ആലത്തൂർ റെയിഞ്ചിലെ വിവിധ ഏരിയായിൽ ഫയർബ്രേക്സ് നിർമ്മാണം | 259000 | 6500 | 1000+GST @18% |

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി : **22.01.2025 (4.00pm)**

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : **30.01.2025 (5.00pm)**

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : **01.02.2025 (11 am)**

കരാർ കാലാവധി : ഉടമ്പടി തീയതി മുതൽ **30** ദിവസം

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രവൃത്തിയുടെ ഏകദേശ അളവ് ആകയാൽ ആയതിൽ മാറ്റം ഉണ്ടാകാവുന്നതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നിയമാനുസൃതമായ പിഴ ദർഘാസുകാരനിൽ നിന്നും വസൂലാക്കുന്നതിനുള്ള പൂർണ്ണ അധികാരം വനംവകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ലേലവ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്. വിശദമായ ടെണ്ടർ വ്യവസ്ഥകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റെയ്ഞ്ച് | ഫയൽ നമ്പർ | പ്രവൃത്തിയുടെ പേര് | അളവ് (കി.മീ.) | പ്രവൃത്തി ചെയ്യുന്ന സ്ഥലം | അടങ്കൽ തുക |
|---|---|---|---|---|---|---|
| 1 | ആലത്തൂർ | KFDDO/713 14/2024/O2 | ഫയർബ്രേക്സ് നിർമ്മാണം | 8 | വീഴുമല ഏരിയ | 138000 |
| 2 | | KFDDO/713 11/2024/O2 | | 7 | യു.ടി.ടി. പ്ലാന്റേഷൻ ഏരിയ | 121000 |
| | **ആകെ** | | | **35 Km** | | **259000** |

കൂടുതൽ വിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04923 243179), ആലത്തൂർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ: 04922 258655), പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

പ്രവീൺ. പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നെന്മാറ ഡിവിഷൻ
(കേരള ഗവർണ്ണർക്കുവേണ്ടി).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# നിലമ്പൂർ നോർത്ത് ഡിവിഷൻ

## കശുവണ്ടി ലേല പരസ്യം

KFDDO/66840/2024-DFONLBRN/B2 തീയതി: 21.01.2025

നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിലുള്ള എടവണ്ണ റെയിഞ്ചുകളിലെ താഴെപ്പറയുന്ന കശുമാവിൻതോട്ടങ്ങളിൽ നിന്നും കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്ത് കൊണ്ടുപോകുവാനുള്ള അവകാശം സംബന്ധിച്ച ലേലം

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഉദ്ദേശ വിസ്തീർണ്ണം (ഹെക്ടറിൽ) | ഇ.എം.ഡി |
|---|---|---|---|
| | എടവണ്ണ റെയ്ഞ്ച് | | |
| 1 | 1977 കല്ലുണ്ട കശുമാവിൻ തോട്ടം ബ്ലോക്ക് എ, ബി, സി, ഡി, ഇ, എഫ് (മുൻ മഞ്ചേരി കോവിലകം നിക്ഷിപ്ത വനം) | 153 | 20000 |
| 2 | കളപ്പാറ കശുമാവിൻ തോട്ടം ഊർങ്ങാട്ടിരി | 0.809 | 2000 |
| 3 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് എ | 23 | 20000 |
| 4 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് ബി | 0.40 | 2000 |
| 5 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് ഡി | 19.49 | 20000 |
| 6 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് ഇ | 29.13 | 20000 |
| 7 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് എഫ് | 17.89 | 20000 |

ലേല തിയതി: **06.02.2025** സമയം : **2.30 P. M**

പകരം തീയ്യതികൾ: **13.02.2025, 20.02.2025, 27.02.2025** (പുനർ ലേലം)

കൂടുതൽ വിവരങ്ങൾക്ക് – നിലമ്പൂർ നോർത്ത് ഡിവിഷൻ 04931 220232
എടവണ്ണ റെയിഞ്ച് 04931 221959

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# NILAMBUR NORTH DIVISION

## AUCTION SALE NOTICE

KFDDO/66840/2024-DFONLBRN/B2 Dated: 21.01.2025

The auction sale of right of collection and removal of cashew usufructs from the cashew plantations in the Edavanna Range of this Division will be conducted on **06.02.2025** at **2.30 PM** at Divisional Forest Office, Nilambur North by the Divisional Forest Officer, Nilambur North or any person authorised by Divisional Forest Officer. If the date of auction happens to be a public holiday, the auction will be conducted on the next working day at the same place and time. In case, due to some other reasons, the proposed auction sale of the cashew plantation, entire or a part, do not materialise on the scheduled date **06.01.2025** as the case may be, the auction sale of blocks, no bid areas, if any, will be conducted on **13.02.2025** and if the auction could not be conducted on **13.02.2025** for valid reasons, the same shall be conducted on **20.02.2025** and if the auction could not be conducted on **20.02.2025** the same shall be conducted on **27.02.2025** at same place and time.

1. A certificate regarding the address and signature of the bidder duly attested by the village officer concerned shall be produced at the time of auction.
2. EMD for 2, 4 are 2000/- and other plantations are 20,000/-
3. The contractor shall abide by the rules envisaged by the cashew Procurement and Marketing Act 1977.
4. Period of contract shall be up to 30.06.2025 from the date of execution of agreement after confirming the sale.
5. Further information can be had from this office or from Edavanna / Nilambur Range.
6. Those who intended to participate in the auction will have to adhere to the sale conditions, a copy of which will be supplied to the participants at the time of remittance of EMD.

**SCHEDULE**

| Sl. No. | Name of plantation | Approximate Extent (in Ha) | EMD |
|---|---|---|---|
| | **Edavanna Range** | | |
| 1 | 1977 Ex-Manjeri Kovilakam cashew plantation Block A to F | 153.00 | 20,000 |
| 2 | Kalappara cashew plantation, Urngattiri | 0.809 | 2,000 |
| 3 | 1976 Arimbrakuth cashew plantation Block A | 23.000 | 20,000 |
| 4 | 1976 Arimbrakuth cashew plantation Block B | 0.40 | 2,000 |
| 6 | 1976 Arimbrakuth cashew plantation Block D | 19.490 | 20,000 |
| 7 | 1976 Arimbrakuth cashew plantation Block E | 29.130 | 20,000 |
| 8 | 1976 Arimbrakuth cashew plantation Block F | 17.890 | 20,000 |

Sd/-

Divisional Forest Officer,
Nilambur North Division.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## നിലമ്പൂർ നോർത്ത് ഡിവിഷൻ

### കശുവണ്ടി ലേല പരസ്യം

KFDDO/66840/2024-DFONLBRN/B2 തീയതി: 21.01.2025

നിലമ്പൂർ നോർത്ത് ഡിവിഷനിലെ താഴെ പട്ടികയിൽ കാണിച്ച തോട്ടങ്ങളിൽ നിന്നും **2025**-ൽ ഉണ്ടാകാവുന്ന കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്ത് കൊണ്ടു പോകുന്നതിനുള്ള അവകാശം **06.02.2025** വൈകുന്നേരം **2.30** മണിയ്ക്ക് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വെച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ ലേല വ്യവസ്ഥയിൽ വിൽക്കുന്നതായിരിക്കും. നിശ്ചിത ദിവസം, വല്ല കാരണവശാലും അവധിയായി വരുന്ന പക്ഷം ലേലം അതിന് അടുത്ത പ്രവർത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വച്ച് നടത്തുന്നതായിരിക്കും. എന്തെങ്കിലും കാരണവശാൽ കശുമാവിൻ ബ്ലോക്കുകൾ **06.02.2025** ലെ ലേലത്തിലോ അടുത്ത ദിവസമോ വിൽക്കുവാൻ സാധിക്കാതെ വന്നാൽ പ്രസ്തുത ബ്ലോക്കുകളുടെ ലേലം **13.02.2025**-നും തുടർന്നും ലേലം നടക്കാതെ വന്നാൽ തൊട്ടടുത്ത ലേലം **20.02.2025**-നും അന്നും നടക്കാതെ വരുന്ന പക്ഷം ലേലം **27.02.2025**-നും അതേ സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതായിരിക്കും.

**വ്യവസ്ഥകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ആയതിന് മുൻപായി ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുൻപാകെ, ക്രമ നമ്പർ 2, 4 എന്നിവയ്ക്ക് 2,000/- രൂപ വീതവും മറ്റു തോട്ടങ്ങൾക്ക് 20,000/– രൂപയും നിരതദ്രവ്യം കെട്ടി വെക്കേണ്ടതും ലേല നോട്ടീസിന്റെ ഒരു പ്രതിയിൽ ആയതിലെ വ്യവസ്ഥകൾ അംഗീകരിച്ചതായി ഒപ്പിട്ട് കൊടുക്കേണ്ടതുമാണ്.

2. കരാർ കാലാവധി **30.06.2025**വരെയായിരിക്കും. ലേലം ഓരോ തോട്ടത്തിനും മൊത്തം തുകയ്ക്കായിരിക്കും. ലേലത്തിൽ പങ്കെടുക്കുന്നതിന്ന് മുൻപായി ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ തോട്ടങ്ങൾ നേരിൽ പോയി കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം അളവ്, വിളയുടെ ഗുണം തുടങ്ങിയതിൽ യാതൊരു വിധ പരാതികളും സ്വീകരിക്കുന്നതല്ല.

3. ലേലം നടത്തുന്ന ഉദ്യോഗസ്ഥന് യാതൊരു കാരണവും കാണിക്കാതെ ആരെയെങ്കിലും ലേലത്തിൽ പങ്കടുക്കുന്നത് തടയാനുള്ള വിവേചനാധികാരം ഉണ്ടായിരിക്കും. അങ്ങനെയുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും ചോദ്യം ചെയ്യപ്പെടാത്തതുമായിരിക്കും.

4. യാതൊരുവിധത്തിലും മറ്റൊരാൾക്കു വേണ്ടി അങ്ങനെ ചെയ്യുവാനുള്ള അധികാരപത്രം ഒപ്പിട്ടുവാങ്ങി ലേലം നടത്തുന്ന ആഫീസിൽ നിന്നും അംഗീകാരം വാങ്ങിയിട്ടല്ലാതെ ലേലം വിളിക്കുവാൻ പാടുള്ളതല്ല. അങ്ങനെയുള്ള കാര്യങ്ങളിൽ ലേലം നടത്തുന്ന ആഫീസറുടെ തീരുമാനം അന്തിമമായിരിക്കും. പ്രായ പൂർത്തിയാകാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

5. ലേല ദിവസം ലേലം അവസാനിച്ചാലുടൻ തന്നെ വിജയിയാകുന്ന ലേലക്കാരൻ ലേല സംഖ്യടെ ⅓ ഭാഗം സംഖ്യ (നിരതദ്രവ്യം അടക്കം) അടക്കേണ്ടതാണ്. ലേലത്തിൽ ലേല സംഖ്യ **20,000/-** രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവനും ഇരുപതിനായിരത്തിൽ കൂടുതൽ ആണെങ്കിൽ മൂന്നിലൊന്നോ **20,000/-** രൂപയോ ഏതാണ് കൂടുതൽ അത് അടക്കണം. അങ്ങനെ അടക്കുവാൻ വീഴ്ച വരുത്തിയാൽ അയാൾ അടക്കുന്ന നിരത ദ്രവ്യം സർക്കാരിലേക്ക് കണ്ട് കെട്ടുന്നതും അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതും ആയിരിക്കും. അങ്ങനെയുള്ള ലേലത്തിൽ വീഴ്ചക്കാരെ പങ്കെടുക്കുവാൻ അനുവധിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ലേലം നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസറുടേയോ അല്ലെങ്കിൽ അതിന് അധികാരമുള്ള മറ്റുദ്യോഗസ്ഥന്റേയോ, സ്ഥിരപ്പെടുത്തലിന് വിധേയമായിരിക്കും. അവർക്ക് ആയത് യാതൊരു കാരണവും കൂടാതെ സ്ഥിരപ്പെടുത്താനും സ്ഥിരപ്പെടുത്താതിരിക്കുവാനും അധികാരമുണ്ടായിരിക്കും.

7. ലേലം അവസാനിക്കുമ്പോൾ ലേലത്തിൽ വിജയിക്കാത്തവർ അടച്ച നിരതദ്രവ്യം സ്റ്റാമ്പ് പതിച്ച് ഒപ്പിട്ട് കൊടുക്കുന്ന രശീതിയിന്മേൽ മടക്കികൊടുക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുമ്പോൾ ലേല വിജയികൾ കെട്ടിവെച്ച നിരതദ്രവ്യമടക്കമുള്ള സംഖ്യ ലേല വിലയിലേക്ക് വരവു വെയ്ക്കാവുന്നതാണ്.

8. ലേലം നടത്തുന്നത് സംബന്ധിച്ചോ ഏതെങ്കിലും വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ചോ വല്ല പരാതികളും ഉത്ഭവിക്കുകയാണെങ്കിൽ അതു സംബന്ധിച്ച് ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും.

9. സ്ഥിരപ്പെടുത്തിയ ഉത്തരവ് അയയ്ക്കുന്ന തിയ്യതി മുതൽ 15 ദിവസത്തിനകം ലേലത്തിൽ വിജയിക്കുന്ന ആൾ താഴെപറയുന്ന കാര്യങ്ങൾ ചെയ്തു തീർക്കേണ്ടതാണ്.

(1) ലേലത്തിൽ വിജയിക്കുന്ന ആൾ മുഴുവൻ ലേലത്തുകയുടെ ബാക്കി സംഖ്യ മുഴുവനും ലേല വിലയിന്മേൽ നിലവിലുള്ള വില്പന നികുതിയും ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സും 2.5% ഇൻകം ടാക്സും സർക്കാർ നിശ്ചയിക്കുന്ന മറ്റിനം നികുതിയുണ്ടെങ്കിൽ അതും അടച്ചിരിക്കണം. കരാറുകാരൻ അടക്കുവാനുള്ള സംഖ്യ മുഴുവൻ അടവാക്കിയ ശേഷം മാത്രമെ കരാർ ജോലികൾ തുടങ്ങുവാൻ അനുവദിക്കുകയുള്ളു.

(2) ലേലത്തിൽ വിജയിക്കുന്ന ആൾ മൊത്തം ലേല തുകയുടെ 10% വരുന്ന സംഖ്യ (ഏറ്റവും കുറഞ്ഞത് 100/- രൂപ) കേരള സർക്കാരിന്റെ ഏതെങ്കിലും ഒരു ഖജനാവിൽ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ പണയം ചെയ്തു കൊണ്ട് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ടിയാന്റെ പേരിൽ നിക്ഷേപിക്കേണ്ടതും അദ്ദേഹവുമായി 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ഒരു കരാർ ഒപ്പിടേണ്ടതുമാണ്.

10. സ്ഥിരപ്പെടുത്തിയ ഉത്തരവ് അയക്കുന്ന തിയ്യതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും മറ്റു നികുതികളും സെക്യൂരിറ്റി ഡെപ്പോസിറ്റും അടക്കുന്നതിന്നും കരാർ വെക്കുന്നതിന്നും സാധിക്കാതെ വന്നാൽ ആയതിന്ന് വർഷത്തിൽ 12% പലിശയും ഓരോ ദിവസത്തേക്ക് 100 രൂപാ വീതം മറ്റൊരു പിഴയും ഈടാക്കിക്കൊണ്ട് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് 15 ദിവസം കൂടി അനുവദിക്കുന്നതാണ്. 24% പലിശയും ദിവസത്തിൽ ഒരു രൂപാ വീതം പിഴയും ഈടാക്കി കൊണ്ട് മറ്റൊരു 15 ദിവസം കൂടി അനുവദിച്ച് തരുന്നതിന്ന് ഒലവക്കോട് സർക്കിൾ വനം കൺസർവേറ്റർ അവർകൾക്ക് അധികാരമുണ്ടായിരിക്കും. അനുവദിച്ച ഗ്രേസ് പിരിയേഡിനുള്ളിലോ നീട്ടിയനുവധിച്ച ദിവസങ്ങൾക്കുള്ളിലോ ബാക്കി തുകയും സെക്യൂരിറ്റിയും അടച്ച് കരാർ വെക്കാൻ വീഴ്ച വരുത്തിയാൽ അവകാശം വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്തു വിൽക്കുകയോ മറ്റു വിധത്തിൽ വിൽക്കുകയോ ഡിപ്പാർട്ടുമെന്റലായി ശേഖരിക്കുകയോ ചെയ്യുകയും ടിയാൻ അടവാക്കിയ മുഴുവൻ സംഖ്യയും സർക്കാരിലേക്ക് കണ്ടു കെട്ടുകയും ചെയ്യുന്നതാണ്. ലേലം കാരണമോ മറ്റൊ സർക്കാരിന് വല്ല നഷ്ടവും ഉണ്ടായാൽ ആയതിന് ടിയാൻ ഉത്തരവാദിയായിരിക്കുന്നതും ആകുന്നു. എന്നാൽ സർക്കാരിന് വല്ല ലാഭവും ഉണ്ടാവുകയാണെങ്കിൽ ആയതിന്ന് ടിയാന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ഇതു മൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും നിലവിലുള്ള റവന്യൂ റിക്കവറി നിയമം മൂലം ഈടാക്കുന്നതായിരിക്കും.

11. ലേലത്തുകയുടെ ബാക്കി സംഖ്യയും നികുതികളും സെക്യൂരിറ്റി ഡിപ്പോസിറ്റും നിശ്ചിത തീയതിക്കകം അടക്കുകയും എന്നാൽ കരാർ വയ്ക്കാൻ മാത്രം താമസിപ്പിക്കുകയും ചെയ്താൽ താമസം വരുന്ന ഓരോ ദിവസത്തേക്കും 100 രൂപ വീതം സെക്യൂരിറ്റി അടച്ച തീയതി മുതൽ പിഴ ഈടാക്കി കൊണ്ട് 30 ദിവസം വരെ ആയതിന് സമയം അനുവദിക്കാവുന്നതാണ്. എന്നിട്ടും താമസിക്കുകയാണെങ്കിൽ ലേലം റദ്ദാക്കുന്നതാണ്.

12. യാതൊരു കാരണവശാലും ഉയർന്ന സംഖ്യക്ക് വിളിക്കുന്ന ലേലക്കാരനെ അയാൾ വാഗ്ദാനം ചെയ്യുന്ന സംഖ്യ പിൻ വലിക്കാൻ അക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു തീരുമാനം ഉണ്ടാകുന്നതുവരെ അനുവദിക്കുകയില്ല.

13. ലേലത്തിൽ വിജയിക്കുന്നവർ 09.03.1976-ലെ കേരള സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയ 23.02.1976-ലെ ജി.ഒ.പി. 62/76 എ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.

(എ.) ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് പാട്ട സ്ഥലം മുഴുവനായോ ഭാഗികമായോ കാട്ടുതീ തടയുന്നതിന്ന് ആവശ്യമെന്ന് തോന്നിയാൽ അടിക്കാടുകൾ വെട്ടി നേരത്തെ ചുടുന്നതിന്ന് അധികാരം ഉണ്ടായിരിക്കും. ആയതിന്ന് കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

(ബി) കരാർ കാലയളവിൽ എല്ലായ്പ്പോഴും തൈകൾക്ക് ചുറ്റുമുള്ള കാടുകൾ 5 മീറ്റർ ചുറ്റളവിൽ കരാറുകാർ തന്നെ വെട്ടി നീക്കം ചെയ്തിരിക്കണം.

(സി) കാട്ടുതീ തടയുന്നതിന്ന് വേണ്ടി തോട്ടത്തിലുള്ള ഫയർ ട്രേസിംഗ് ജോലി ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദ്ദേശിക്കുന്ന പ്രകാരം കരാറുകാരൻ ചെയ്തു തീർക്കണം. ഒരു കാരണവശാലും തോട്ടത്തിൽ തീ പിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. പാട്ട സ്ഥലത്തിന്റെ 100 മീറ്റർ ചു[illegible]ണ്ടാകുന്ന വനം കുറ്റങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) കൂടാതെ കരാറുകാരൻ വിളിച്ചെടുത്ത കശുമാവു തോട്ടങ്ങളിലെ അടിക്കാടുകൾ വെട്ടിത്തെളിക്കേണ്ടതും മരങ്ങളിൽ കയറിയ വള്ളി പടർപ്പുകൾ, ഇത്തിൾ കണ്ണി എന്നിവ വെട്ടി മാറ്റി കശുമാവ് മരങ്ങളെ സംരക്ഷിക്കേണ്ടതുമാണ്.

14. ശേഖരിക്കുന്ന കശുവണ്ടി 1977-ലെ കേരള അസംസ്കൃത കശുവണ്ടി (വിതരണവും വിൽപനയും) ഉത്തരവു പ്രകാരം കേരള റോ കാഷ്യു നട്ട് മാർക്കറ്റിംഗ് ആന്റ് ഡിസ്ട്രിബ്യൂഷൻ ഓർഡർ 1977 - സർക്കാർ നിജപ്പെടുത്തിയ വിലയ്ക്ക് അംഗീകൃത ഏജന്റിന് മാത്രമെ വിൽക്കുവാൻ പാടുള്ളൂ.

15. നഴ്സറികൾ ഉണ്ടാക്കുന്നതിന്ന് ആവശ്യമുള്ള പക്ഷം തോട്ടങ്ങളിൽ നിന്ന് നല്ലതരം വിത്ത് തിരഞ്ഞെടുക്കുവാനുള്ള അവകാശം ഡിപ്പാർട്ടുമെന്റിന് ഉണ്ടായിരുക്കും. അങ്ങനെ തിരഞ്ഞെടുക്കുന്നതിന്ന് അംഗീകൃത വില നൽകുന്നതായിരിക്കും.

16. ലേലത്തുക ഒരു ലക്ഷം രൂപയോ കൂടുതലോ ആണെങ്കിൽ അസ്സൽ ലേല വിലയേക്കാൾ 10 ശതമാനവും ഒരു ലക്ഷത്തിൽ കുറവാണെങ്കിൽ 20 ശതമാനവും കൂടുതലാണെങ്കിൽ മാത്രമെ പോസ്റ്റ് ഓഫറുകൾ സാധാരണ ഗതിയിൽ സ്വീകരിക്കുകയുള്ളൂ. അങ്ങനെയുള്ള പോസ്റ്റ് ഓഫറുകൾ താഴെ പറയുന്ന വ്യവസ്ഥയിൽ മാത്രമെ പരിഗണിക്കുകയുള്ളൂ.

(1) ലേലത്തീയതി മുതൽ **7** ദിവസത്തിനകം ആയത് കിട്ടിയിരിക്കണം.

(2) പോസ്റ്റ് ഓഫർ നൽകുന്ന ആൾ അസ്സൽ ലേലക്കാരൻ ലേല ദിവസം അടച്ച തുകയുടെ ഇരട്ടി സംഖ്യ അടച്ചിരിക്കണം.

(3) മേൽ പ്രകാരം സംഖ്യ അടച്ചതിന്റെ ചെലാൻ രസീത് ബന്ധപ്പെട്ട ഓഫീസർക്ക് അതു സംബന്ധിച്ച രജിസ്റ്റർ ചെയ്ത നോട്ടീസ് കിട്ടിയതിന്റെ **7** ദിവസത്തിനുള്ളിൽ ബോധിപ്പിക്കണം.

17. (എ) പോസ്റ്റ് ഓഫർ നൽകുന്ന ആൾ മേൽ വ്യവസ്ഥകൾ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കേണ്ട സെക്യൂരിറ്റി പണയം ചെയ്തു എന്ന് ബന്ധപ്പെട്ട ഓഫീസർ മുൻപാകെ കരാർ ഒപ്പിടേണ്ടതാണ്.

(ബി) പോസ്റ്റ് ഓഫർ നൽകുന്നയാൾ മേൽ വ്യവസ്ഥകൾ എല്ലാം നിറവേറ്റിയാൽ നിയമാനുസരണമുള്ള പരസ്യങ്ങൾ ചെയ്ത് പുനർ ലേലം ചെയ്യുന്നതായിരിക്കും. പുനർ ലേലത്തിൽ പോസ്റ്റ് ഓഫർ തന്നയാൾ ഏറ്റ സംഖ്യക്ക് ആരും തന്നെ വിളിച്ചില്ലെങ്കിൽ ആയത് പോസ്റ്റ് ഓഫർ തന്നയാൾക്ക് അയാൾ തരാമെന്ന് ഏറ്റ നിരക്കിൽ നൽകുന്നതായിരിക്കും. അയാൾ അതിൽ നിന്നും പിൻവലിഞ്ഞാൽ അയാൾ നൽകിയ സെക്യൂരിററി തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും. എന്നാൽ പുനർ ലേലത്തിൽ പോസ്റ്റ് ഓഫറിനേക്കാൾ കൂടിയ തുകക്ക് ആരെങ്കിലും വിളിച്ചാൽ ആയത് കൂടുതൽ വിളിച്ചയാൾക്ക് നൽകുന്നതും പോസ്റ്റ് ഓഫർ നൽകിയ ആൾക്ക് അടച്ച തുക മടക്കിക്കൊടുക്കുന്നതുമായിരിക്കും.

18. കരാറുകാരൻ പാട്ട സ്ഥലത്ത് ജോലി ചെയ്യുന്നതിന്ന് ഏജന്റിനെ നിയമിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അംഗീകാരം വാങ്ങിയതിന്നു ശേഷം മാത്രമെ പാടുള്ളൂ. ഓരോ ഏജന്റിന്റേയും രണ്ടു മാതൃകാ ഒപ്പുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിരിക്കണം. അവ അംഗീകരിക്കുന്നതിന്നും കാരണം കൂടാതെ തള്ളുന്നതിനുമുള്ള അധികാരം അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നതുമായിരിക്കും. അങ്ങനെയുള്ള തീരുമാനം അവസാനത്തേതുമായിരിക്കും. ഏജന്റിനെ നിയമിക്കുന്നത് നിയമാനുസരണം ഉള്ള അംഗീകാര പത്രം നിശ്ചിത ഫോറത്തിൽ ഒപ്പിട്ട് ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിന്നും അംഗീകാരം വാങ്ങിയിട്ടായിരിക്കണം. അങ്ങനെ അംഗീകാരം നൽകിയ ഏജന്റിനെ 'അക്രഡിറ്റഡ്' ഏജന്റായി കണക്കാക്കാവുന്നതാണ്.

19. ലേലക്കാരനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കാനുള്ള എല്ലാ തുകയും അങ്ങനെയുള്ള കേസുകളിൽ ലേല നോട്ടീസിലേയോ ഒപ്പിട്ടിട്ടുള്ള കരാറിലേയോ വ്യവസ്ഥകൾക്ക് വിധേയമായി അവർ അടവാക്കിയിട്ടില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി നിയമപ്രകാരം ഭൂനികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കുന്നതായിരിക്കും.

20. കാട്ടുതീ മൂലമോ ഉണക്കു മൂലമോ മറ്റ് വിധത്തിലോ വല്ല നഷ്ടവും നേരിട്ടാൽ ആയതിന്ന് യാതൊരു വിധ നഷ്ടപരിഹാരത്തിനും കരാറുകരന് അവകാശമുണ്ടായിരിക്കുന്നതല്ല.

21. ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ രേഖാ മൂലമുള്ള അനുവാദം കൂടാതെ പാട്ടത്തിന് എടുത്ത സ്ഥലം മറ്റൊരാൾക്ക് കൈമാറ്റം െ ചെയ്യാനോ സ്ഥലം മുഴുവനുമായോ ഭാഗികമായോ ഏൽപിച്ചു കൊടുക്കുവാനോ പാടില്ല. അങ്ങനെ നൽകുന്നതിനുള്ള അനുവാദം യാതൊരു കാരണവും കാണിക്കാതെ തള്ളിക്കളയാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് ഉണ്ടായിരിക്കും.

22. മുകളിൽ 9-ാം നമ്പർ വ്യവസ്ഥകളിലെ നിബന്ധനകൾ പൂർത്തീകരിച്ചതിന്ന് ശേഷം ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിന്നും രേഖാമൂലമുള്ള അനുവാദം വാങ്ങിയതിന്ന് ശേഷമെ കരാറുകാരന് പാട്ട സ്ഥലത്ത് പ്രവേശിക്കാൻ പാടുള്ളൂ. അങ്ങനെയുള്ള അംഗീകാരം കിട്ടുന്നതിന്ന് മുമ്പ് പാട്ടസ്ഥലത്ത് പ്രവേശിക്കുന്നത് കൈയേറ്റമായി കണക്കാക്കുന്നതും അതിന് ലേലക്കാരനെതിരെ കേരള വന നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

23. ലേലത്തിൽ വെയ്ക്കുന്ന യൂണിറ്റിന്റെ ചാർജ്ജ് വഹിക്കുന്നതോ അവ നിയന്ത്രിക്കുന്നതോ ആയ യാതൊരു സർക്കാർ സേവകന്റെയും ബന്ധുക്കൾക്ക് ലേലത്തിൽ പങ്കെടുക്കുവാനോ കരാർ എടുക്കുവാനോ പാടില്ല.

കുറിപ്പ്: ഇതു പ്രകാരം ബന്ധുക്കൾ എന്നതിന്ന് വിവക്ഷ അച്ഛൻ, അമ്മ, പുത്രൻ, പുത്രി, സഹോദരൻ, സഹോദരി, നേരമ്മാവൻ, അനന്തിരവൻ, ഭാര്യയുടേയോ ഭർത്താവിന്റേയോ അച്ഛൻ മരുമകൻ തുടങ്ങിയ 3-1-1967-ലെ ജി.ഒ.എം.എസ്. 3/പി.എൻ. നമ്പർ സർക്കാർ ഉത്തരവിൽ വിവരിക്കുന്നവരാണ്.

24. ലേല വില 3,000/- രൂപക്ക് മുകളിലും 5,000/- രൂപക്ക് താഴെയുമാണെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി കിട്ടുന്നതിന്ന് വിൽപന നികുതിയുടേയും കാർഷികാദായ നികുതിയുടേയും ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ലേല വില 5,000/- രൂപയും അതിനു മുകളിലും ആണെങ്കിൽ ആദായ നികുതിയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം. അല്ലെങ്കിൽ അങ്ങനെയുള്ള വല്ല കുടിശ്ശികകളും ഉണ്ടെങ്കിൽ ആയത് സെക്യൂരിറ്റിയിൽ നിന്നും ഈടാക്കുന്നതായിരിക്കും. കരാറുകാരൻ കേരള സംസ്ഥാനത്തിന്ന് പുറത്ത് ബിസ്സിനസ് ചെയ്യുന്ന ആളാണെങ്കിൽ ആദായ നികുതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി.

25. വല്ല കാരണവശാലും കരാർ റദ്ദാക്കേണ്ടി വരുമ്പോൾ മുകളിൽ വിവരിച്ച പ്രകാരമുള്ള പിഴകൾക്ക് പുറമെ കരാറുകാരനോ അദ്ദേഹം അധികാരപ്പെടുത്തിയ ഏജന്റോ കരാറു റദ്ദു ചെയ്ത തിയ്യതിക്കോ അതിനു മുൻപോ ശേഖരിച്ചിട്ടുള്ളതും നീക്കം ചെയ്യാതെ സ്ഥലത്ത് കിടക്കുന്നതുമായ എല്ലാ ഉൽപന്നങ്ങളും കസ്റ്റഡിയിലെടുത്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും അങ്ങിനെയുള്ള കാര്യങ്ങളിൽ കരാറുകാരന് യാതൊരു വിധ നഷ്ട പരിഹാരത്തിന്നും അതല്ല കണ്ടു കെട്ടിയ ഉൽപന്നങ്ങൾ വിറ്റു കിട്ടുന്ന തുകയ്ക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

26. കരാറുകാരനും അദ്ദേഹത്തിന്റെ അംഗീകൃത ഏജന്റും പണിക്കാരും കേരളാ ഫോറസ്റ്റ് നിയമത്തിലെ എല്ലാ നിയമങ്ങളും നിബന്ധനകളും ചട്ടങ്ങളും പാലിക്കേണ്ടതും വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് വേണ്ടി ആവശ്യപ്പെടുകയാണെങ്കിൽ കാട്ടുതീയിൽ നിന്നും മറ്റും വനം സംരക്ഷിക്കുന്നതിന്ന് പാട്ട സ്ഥലത്തോ അതിന്നടുത്ത സ്ഥലങ്ങളിലോ ഉണ്ടാകുന്ന കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനും വേണ്ട എല്ലാ സഹായ സഹകരണങ്ങളും നൽകേണ്ടതാണ്.

27. ഉൽപന്നങ്ങൾ പാട്ട സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിന്ന് ആവശ്യമായ പാസ് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്നതായിരിക്കും ശേഖരിക്കുന്ന ഉൽപന്നത്തിന്റെ അളവ് കരാറുകാരൻ നൽകുന്ന മാസാന്ത്യ കണക്കുകൾ ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്ന പാസുകളുമായി ബന്ധപ്പെട്ടതായിരിക്കണം. പാട്ട സ്ഥലത്തിനു പുറമെയുള്ള വനങ്ങളിൽ നിന്നും ഉൽപന്നങ്ങൾ ശേഖരിക്കുവാൻ കരാറുകാരനെ അനുവദിക്കുന്നതല്ല. കരാർ സ്ഥലത്ത് നിന്നും സാധനങ്ങൾ രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരേയുള്ള സമയത്ത് മാത്രമെ നീക്കം ചെയ്യാൻ പാടുള്ളൂ. കരാറുകാരൻ ഡിവിഷണൽ ഫോറസ്റ്റാഫീസർക്കും റെയിഞ്ചാഫീസർക്കും സ്ഥലത്ത് നിന്നും ഓരോ മാസവും നീക്കം ചെയ്യുന്ന ഉൽപന്നങ്ങളുടെ കണക്ക് അടുത്ത മാസം 5-ാം തിയ്യതിക്കു മുമ്പായി സമർപ്പിക്കണം. അല്ലാത്ത പക്ഷം ഓരോ വീഴ്ചക്കും 500 രൂപ വീതം പിഴ ഈടാക്കുന്നതായിരിക്കും.

28. ലേലം തുടങ്ങുന്നതിന്ന് അര മണിക്കൂർ മുമ്പ് തന്നെ ലേലത്തിൽ പങ്കെടുക്കുന്നവർ സ്ഥലത്ത് ഹാജരായി നിരതദ്രവ്യം അടക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അതാത് വില്ലേജാഫീസർമാരിൽ നിന്നും ടിയാന്റെ മേൽ വിലാസവും ഒപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കേണ്ടതുമാണ്. സർട്ടിഫിക്കറ്റുമായി വരുന്നവർക്ക് മാത്രമെ ലേലത്തിൽ നിരതദ്രവ്യം കെട്ടി വെയ്ക്കാൻ അർഹതയുള്ളൂ.

29. നിബന്ധനകളിൽ ഭേദഗതികൾ വല്ലതും ഉണ്ടെങ്കിൽ അവ ലേലം തുടങ്ങുന്നതിന്നു മുമ്പായി അറിയിക്കുന്നതായിരിക്കും.

30. ലേലത്തിൽ വിജയിക്കുന്ന ആൾ ലേല ദിവസം തന്നെ ലേല വ്യവസ്ഥകൾ കണ്ട് ബോദ്ധ്യപ്പെട്ട് അവയ്ക്ക് അനുസൃതമായി കരാർ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് **200/-** രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ കരാർ ഒപ്പു വക്കേണ്ടതാണ്.

31. കാലാവധിക്ക് ശേഷമോ കരാർ റദ്ദ് ചെയ്ത ശേഷമോ കരാർ സ്ഥലത്തുള്ള വിഭവങ്ങൾ ശേഖരിക്കുന്നതിന്ന് കരാറുകാരന്ന് അവകാശമുണ്ടായിരിക്കുന്നതല്ല.

32. പാട്ട സ്ഥലത്ത് നടത്തുന്ന ഡിപ്പാർട്ട്മെന്റ് ജോലികൾ തടയുന്നതിന്നോ തടസ്സപ്പെടുത്തുന്നതിന്നോ കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതല്ല.

33. കരാറുകാരൻ ആവശ്യപ്പെടുന്ന പക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിന്നും കശുവണ്ടി സൂക്ഷിക്കുന്നതിന്നും **45** സ്ക്വയർ മീറ്ററിന് **5** രൂപ പ്രകാരം ഒരു ഷെഡ് കൂപ്പിനുള്ളിൽ പണിയുന്നതിന്ന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്കു മുമ്പായി കരാറുകാരൻ ഷെഡ് പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പൊളിച്ച് നീക്കം ചെയ്യുന്നതും അതിന്ന് വരുന്ന ചെലവ് കരാറുകാരിൽ നിന്നും പിടിച്ചെടുക്കുന്നതുമായിരിക്കും. ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ സീനിയറേജ് റേറ്റ് പ്രകാരം കാട്ടിൽ നിന്നും സൗകര്യമുള്ള പക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഉദ്ദേശ വിസ്തീർണ്ണം (ഹെക്ടറിൽ) | ഇ.എം.ഡി |
|---|---|---|---|
| | എടവണ്ണ റെയ്ഞ്ച് | | |
| 1 | 1977 കല്ലുണ്ട കശുമാവിൻ തോട്ടം ബ്ലോക്ക് എ, ബി, സി, ഡി, ഇ, എഫ് (മുൻ മഞ്ചേരി കോവിലകം നിക്ഷിപ്ത വനം) | 153 | 20000 |
| 2 | കളപ്പാറ കശുമാവിൻ തോട്ടം ഊർങ്ങാട്ടിരി | 0.809 | 2000 |
| 3 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് എ | 23 | 20000 |
| 4 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് ബി | 0.40 | 2000 |
| 5 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് ഡി | 19.49 | 20000 |
| 6 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് ഇ | 29.13 | 20000 |
| 7 | 1976 അരിമ്പ്രക്കുത്ത് കശുമാവിൻ തോട്ടം ബ്ലോക്ക് എഫ് | 17.89 | 20000 |

നിലമ്പൂർ
21.01.2025

ഒപ്പ്/-

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ നോർത്ത് ഡിവിഷൻ.
(കേരളാ ഗവർണ്ണർക്കുവേണ്ടി)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.01.28 04:30:14 +05:30